# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.673 — 29/05/2019-ൽ മറുപടിക്ക്

## വാളാതോട് ചെറുകിട ജലസേചന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ, അകമ്പാടം, കുറുമാൻ പുഴയിൽ സ്ഥാപിക്കുന്നതിന് 28/05/2015-ൽ ഭരണാനുമതി നൽകിയ വാളാതോട് ചെറുകിട ജലസേചന പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.യുടെ 13/02/2019-ൽ കൂടിയ ഡയറക്ടർ ബോർഡ് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | വാളാതോട് ചെറുകിട ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾക്ക് മുന്നോടിയായി അലൈൻമെന്റ് സർവ്വേ ബോർ ഹോൾ എടുക്കൽ, മണ്ണുപരിശോധന, പ്രോപ്പർട്ടി സർവ്വേ മുതലായവ പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ അലൈൻമെന്റ് കല്ലുകൾ ഇട്ട് അടയാളപ്പെടുത്തി. പദ്ധതിയ്ക്കാവശ്യമായ സ്വകാര്യ ഭൂമിയും വനഭൂമിയും സർവ്വേ ചെയ്ത് തിട്ടപ്പെടുത്തി. ഓരോ ഉടമസ്ഥന്റെയും ഭൂമി പ്രത്യേകം പ്രത്യേകം അളന്ന് കല്ലുകളിട്ട് അടയാളപ്പെടുത്തുകയും ചെയ്തു. പദ്ധതി ഘടകങ്ങളുടെ വിശദമായ ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി വിട്ടു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചു. 13.02.2019 -ലെ ഫുൾടൈം ഡയറക്ടർമാരുടെ യോഗത്തിൽ പദ്ധതി സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെയായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; നിലവിൽ ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ; | (ബി) & (സി) | പദ്ധതിക്ക് നാളിതുവരെ 281.77 ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമിയുടെ അനുമതി ലഭിച്ച ശേഷം സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | ഏറനാട് മണ്ഡലത്തിന്റെയും ചാലിയാർ പഞ്ചായത്തിന്റെയും വികസനത്തിനുതകുന്ന ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ